19th Asian Games
Hangzhou 2022

# പുതിയ ഭാരത വിജയികൾ

## പൊരുതി നേടിയതാണീ അഭിമാനം
## ജീവിതത്തോട്,
## സാഹചര്യങ്ങളോട്..

VISHWA SAMVADA KENDRAM
KERALA




# രാം ബാബു

## 35 കിലോമീറ്റർ നടത്തം, മിക്സഡ് ടീമിനത്തിൽ വെങ്കലം


ഉത്തർപ്രദേശിലെ സോനഭദ്ര ജില്ലയിൽ ബഹുറ ഗ്രാമത്തിൽ ജനനം. കൂലിവേല ചെയ്ത് കുടുംബം പോറ്റുന്ന ഒരു അച്ഛന്റെ മകൻ.

രാംബാബുവിന്റെയും വഴി മറ്റൊന്നായിരുന്നില്ല. ചായക്കടയിൽ എടുത്തുകൊടുപ്പുകാരനായും തൊഴിലുറപ്പിൽ റോഡ് പണിക്കാരനായും വീട്ടിലേക്ക് അന്നമുറപ്പാക്കാൻ രാംബാബു വിയർപ്പൊഴുക്കി.

“വാരാണസിയിലെ ചെറിയ ഹോട്ടലിൽ പണിയെടുക്കുമ്പോൾ മാസം എനിക്ക് അവർ മൂവായിരം രൂപ നല്കുമായിരുന്നു. പക്ഷേ അത് കിട്ടാൻ പുലർച്ചെ ഒരു മണി വരെയും അവരെന്നെക്കൊണ്ട് പണിയെടുപ്പിച്ചു. അതിന് ശേഷം അതിരാവിലെ 4 മണിക്ക് ഞാൻ സ്റ്റേഡിയത്തിൽ പരിശീലനത്തിന് പോകും. അങ്ങനെയാണ് ഖേലോ ഇന്ത്യയുടെ ഭാഗമായത്. ഇപ്പോൾ പതിനായിരം രൂപ അടിസ്ഥാന ശമ്പളത്തിൽ സൈന്യത്തിൽ ഹവിൽദാറാണ്..”

19th Asian Games
Hangzhou 2022

VISHWA SAMVADA KENDRAM KERALA




# പാറുൾ ചൗധരി

## 3000, 5000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ സ്വർണവും വെള്ളിയും

മീററ്റിനടുത്ത് ഇകലുത ഗ്രാമത്തിൽ നിന്നാണ് പാറുൾ വരുന്നത്. അച്ഛനായിരുന്നു പ്രേരണ. സ്കൂളിൽ 800 മീറ്റർ ഓടാനിറങ്ങുമ്പോൾ ഒരു ജോടി ഷൂ പോലുമുണ്ടായിരുന്നില്ല സ്വന്തമായി.

"പോലീസിൽ ചേരണം. ഡിഎസ്പി ആകണം.. ഏഷ്യൻ ഗെയിംസിലെ നേട്ടം അതിനുപകരിക്കുമെന്നാണ് പ്രതീക്ഷ"




# അന്നു റാണി

## ജാവലിനിൽ സ്വർണം

ജാവലിനിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിത. ഉത്തർപ്രദേശിലെ ബഹദാർപൂരിലെ കർഷകകുടുംബത്തിൽ ജനനം.

ക്രിക്കറ്റ് കളിക്കുന്നതിനിടെ ബൗണ്ടറി കടന്ന പന്ത് എടുത്തെറിഞ്ഞുതന്ന അന്നുവിന്റെ കൈവേഗം കണ്ട് അത്ഭുതപ്പെട്ടത് സഹോദരനാണ്. പക്ഷേ പെണ്ണിന് പറഞ്ഞിട്ടുള്ളതല്ല ഇത്തരം കളികളെന്നായിരുന്നു അച്ഛനമ്മമാരുടെ നിലപാട്. അന്നുവിന്റെ പരിശീലനക്കളരി കൊയ്ത്തൊഴിഞ്ഞ പാടമായിരുന്നു. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെയും മൈക്കൾ ഫെൽപ്സിന്റെ പരിശീലന മുറകളായിരുന്നു പ്രേരണ. ജാവിലിനിലെ മുൻഗാമികളുടെ വീഡിയോകളിലൂടെയാണ് ഏറിന്റെ തന്ത്രം അന്നു പഠിച്ചത്.




# പാലക് ഗുലിയ

## 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ സ്വർണവും വെള്ളിയും

പതിനൊന്നാം വയസ്സിൽ ദീർഘദൂരത്തിനിടെ രക്തസ്രാവമുണ്ടായി തളർന്നുപോയ ബാല്യമാണ് പാലകിന്റേത്... പക്ഷേ ആഗ്രഹം അവളെ ലക്ഷ്യത്തിലേക്ക് നടത്തി. ജാജ്ജർ ഗ്രാമവാസികൾക്ക് പാലകിന്റെ കായിക ഭ്രമം സഹിച്ചില്ല. അവൾക്ക് വേണ്ടി അച്ഛൻ ഗ്രാമം ഉപേക്ഷിച്ചു. ഗുർഗാവിലേക്ക് മാറി. നാല് വർഷത്തിനുള്ളിൽ പിസ്റ്റൾ സ്വന്തമാക്കി... മുന്നേറ്റത്തിന്റെ കഥ അവിടെ തുടങ്ങുന്നു..




# തജീന്ദർ പാൽ സിങ് ടൂർ

## ഷോട്ട് പുട്ട് സ്വർണം

പഞ്ചാബിലെ മോഗയിൽ നിന്ന്, പട്ടിണിയും കടവും മാത്രം വരുമാനമുള്ള കർഷക കുടുംബത്തിൽ നിന്നാണ് വരവ്. എന്നിട്ടും രണ്ട് കുട്ടികൾക്ക് കഴിക്കാനുള്ളത് അവൻ കഴിക്കുമായിരുന്നു. പൊറോട്ടയ്ക്കൊപ്പം പത്ത് മുട്ടയും... 2018ൽ ഏഷ്യൻ ഗെയിംസിലിറങ്ങുമ്പോൾ കോച്ച് പരിഹസിച്ചത് ഇത് പറഞ്ഞാണ്... തോറ്റാൽ നാണക്കേടാണ്... പരിഹാസം പക്ഷേ അവന് ഊർജ്ജമായി...

“രോഗവും മറ്റും മൂലം അച്ഛൻ അധികകാലം ഉണ്ടാവും എന്ന് തോന്നുന്നില്ല. കടം വാങ്ങിയാണ് അദ്ദേഹം എന്നെ ഊട്ടിയത്. അദ്ദേഹം ജീവിച്ചിരിക്കെ കഴിയാവുന്നത്രയും മെഡലുകൾ ഞാൻ സ്വന്തമാക്കും” തജീന്ദർ പാൽ പറയുന്നു




# രോഷിബിന ദേവി നറോം

### 60 കിലോ ഗ്രാം വുഷു, വെള്ളി

അരുണാചലിൽ നിന്നുള്ള മൂന്ന് വുഷു താരങ്ങൾക്ക് ചൈന അനുമതി നല്കിയില്ല. ഈ മെഡൽ അവർക്കുള്ള സമ്മാനമാണ്, ചൈനയ്ക്കുള്ള മറുപടിയും എന്ന് മണിപ്പൂരിൽ നിന്നുള്ള റുഷിബിന ദേവി പറയുമ്പോൾ ഉണരുന്നത് പുതിയ ഭാരതമാണ്.




# കിരൺ ബലിയൻ

## ഷോട്ട് പുട്ട്, വെങ്കലം

യാദൃച്ഛികമായി വന്നതാണ് ഈ രംഗത്ത്. 2014ൽ മീററ്റിലെ നോർത്ത് സോൺ മീറ്റ് ജാവലിൻ എറിയാൻ പകരക്കാരിയായി എത്തിയതാണ് കിരൺ. പിന്നെ പിറകോട്ട് പോയില്ല.

19th Asian Games
Hangzhou 2022




# അവിനാശ് സാംബ്ലെ

## 3000 മീറ്റർ സ്റ്റീപ്പിൾ ചേസ്, സ്വർണം

ആറ് കിലോമീറ്റർ ഓടി സ്കൂളിൽ പോയതാണ് ബാല്യം. ഓടിയോടിയാണ് പട്ടാളക്കാരനായത്. 2019ൽ ദോഹയിൽ ലോക അത്‌ലറ്റിക് മീറ്റിൽ ദേശീയ റിക്കാർഡ് അവിനാശ് സ്വന്തമാക്കി. 1952ന് ശേഷം ഒളിമ്പിക്സിൽ യോഗ്യത നേടുന്ന ആദ്യ ഭാരതീയൻ.

19th Asian Games




# പ്രിതി ലാംബ

## 3000 മീറ്റർ സ്റ്റീപ്പിൾ ചേസ്, വെങ്കലം

ഫരീദാബാദിലെ ജവാൻ എന്ന ഗ്രാമത്തിൽ പെട്രോൾ പമ്പ് ജീവനക്കാരന്റെ മകൾ... പതിനായിരം രൂപ മാസവരുമാനത്തിൽ ജീവിതം നയിക്കുന്ന അദ്ദേഹത്തിന്റെ ആഗ്രഹപൂർത്തീകരണമാണ് പ്രിതിയുടെ ഏഷ്യൻ ഗെയിംസ് മെഡൽ.

19th Asian Games
Hangzhou 2022




# ജ്യോതി യാരാജി

## 100 മീറ്റർ ഹർഡിൽസ്, വെള്ളി

അച്ഛൻ സെക്യൂരിറ്റി ഗാർഡ്, അമ്മ സ്വകാര്യ ആശുപത്രിയിലെ പാർട് ടൈം സ്വീപ്പർ.... രണ്ടുപേർക്കും കൂടി കിട്ടുന്നത് മാസം 18000 രൂപ...

ജ്യോതി വീടിനും നാടിനും ജ്യോതിയായി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്.




# ആൻസി സോജൻ എടപ്പള്ളി

## ലോങ് ജമ്പ്, വെള്ളി

തൃശ്ശൂരിലെ തീരദേശ ഗ്രാമത്തിൽ ജനനം. അച്ഛൻ ആട്ടോ റിക്ഷാ ഡ്രൈവർ. അമ്മ ത്രിവേണി സൂപ്പർമാർക്കറ്റിൽ.

എനിക്ക് ഷൂ വാങ്ങാനായി അച്ഛൻ എത്രകാലം പണം കൂട്ടിവച്ചുവെന്ന് നല്ല ഓർമ്മയുണ്ട്. ആദ്യമായി ഒരു ഷൂ കിട്ടിയപ്പോൾ എനിക്കുണ്ടായ ആവേശം ചെറുതല്ല. അത് അണിഞ്ഞാണ് ഞാൻ അണ്ടർ 20 ദേശീയ മീറ്റിൽ റിക്കാർഡിട്ടത്. ആദ്യമായി ഏഴ് മീറ്റർ താണ്ടുന്ന ഇന്ത്യക്കാരിയാവുകയാണ് ഉന്നം.”